"ഭരണഭാഷ മാതൃഭാഷ"

KSEB
കേരളത്തിന്റെ ഊർജ്ജം

150 YEARS OF CELEBRATING THE MAHATMA

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ്ആക്റ്റ് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം


രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in

ഫോൺ (ഓഫീസ് ): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in


നമ്പർ .സേഫ്റ്റി/മിനിട്ട്സ്/ 2018-19 | 714| 27/3/2019

## 8.3.2019 ന് തിരുവനന്തപുരം വൈദ്യുതി ഭവൻ കോൺഫറൻസ് ഹാളിൽ വച്ച് നടന്ന സംസ്ഥാന തല സേഫ്റ്റി കമ്മിറ്റി യോഗത്തിന്റെ മിനിട്സ്

**പങ്കെടുത്തവർ**

1. ശ്രീ.എൻ.എസ്.പിള്ള,ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ,KSEBL
2. ശ്രീ. ആർ . സുകു, ചീഫ് സേഫ്റ്റി കമ്മിഷണർ , വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം
3. ശ്രീമതി.ഷീല എബ്രഹാം, ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ , തിരുവനന്തപുരം
4. ശ്രീമതി.ഷൈല.എ,ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ ,ചീഫ് എഞ്ചിനിയർ ഡിസ്ട്രിബ്യൂഷൻ നോർത്ത്
5. ശ്രീമതി. ഗീത.എം,ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ ,ചീഫ് എഞ്ചിനിയർ ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ
6. ശ്രീമതി.ശ്രീദേവി.ബി,ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ ,ചീഫ് എഞ്ചിനിയർ ഡിസ്ട്രിബ്യൂഷൻ സൗത്ത്.
7. ശ്രീമതി സൂസമ്മ ജേക്കബ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ ,ചീഫ് എഞ്ചിനിയർ ഡിസ്ട്രിബ്യൂഷൻ സെൻട്രൽ
8. ശ്രീ. സി.പി.ജോർജ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ ,ചീഫ് എഞ്ചിനിയർ ജനറേഷൻ
9. ശ്രീ.മോഹൻകുമാർ , ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ ടി.എ റ്റു ഡയറക്ടർ ( G,C&HRM)
10. ശ്രീമതി.ബീന പയസ്, എക്സിക്യൂട്ടിവ് എഞ്ചിനിയർ ,ചീഫ് എഞ്ചിനിയർ ട്രാൻസ്മിഷൻ സൗത്ത്.
11. ശ്രീ സജീവ് .ജി, ടി.എ റ്റു ഡയറക്ടർ (സേഫ്റ്റി)
12. ശ്രീ.ഹരികൃഷ്ണ,എക്സിക്യൂട്ടിവ് എഞ്ചിനിയർ ,സേഫ്ടി
13. ശ്രീമതി കവിത.സി.കെ,എക്സിക്യൂട്ടിവ് എഞ്ചിനിയർ , ട്രാൻസ്മിഷൻ സർക്കിൾ ,കണ്ണൂർ
14. ശ്രീ.ഗോപകുമാർ ,പി.ജി,ടി.എ റ്റു ഡയറക്ടർ ( T&SO)
15. ശ്രീമതി ഗീത.വി.എസ് , KSEBEA
16. ശ്രീ.ബി.ഹരികുമാർ , Officers Association
17. ശ്രീ. പ്രദീപ്കുമാർ ,Officers Confederation
18. ശ്രീ.ജയപ്രകാശ് ,Workers association
19. ശ്രീ. കെ.ആർ .മോഹൻദാസ്, KEWF-AITUC
20. ശ്രീ .ബൈജു.വി .വൈ ,UDEEF
21. ശ്രീ അനന്തകൃഷ്ണൻ.എം.ജി ,KEOF
22. ശ്രീ. കെ.പി.സുനിൽകുമാർ ( KEEC-INTUC(UDEEF)

23. ശ്രീ.ആർ .ഹരികുമാർ , KPBOF
23. ശ്രീ. ഡി . ജയശങ്കർ , AEE, ചീഫ് സേഫ്ടി കമ്മിഷണറുടെ ഓഫീസ്
24. ശ്രീ. ബി . മുഹമ്മദ് ഷാം, AEE, ചീഫ് സേഫ്ടി കമ്മിഷണറുടെ ഓഫീസ്
25. ശ്രീമതി. ദർശന .എൻ ,AE, ചീഫ് സേഫ്ടി കമ്മിഷണറുടെ ഓഫീസ്
26. ശ്രീ. കെ. സി. ബൈജു, AE, ചീഫ് സേഫ്ടി കമ്മിഷണറുടെ ഓഫീസ്

ചീഫ് സേഫ്റ്റി കമ്മീഷണർ ചെയർമാനായും , ഉത്പാദന പ്രസരണ, വിതരണ, സിവിൽ വിഭാഗം ഡയറക്ടർമാരുടെ ടി.എ.മാർ , ഉത്പാദന, പ്രസരണ, വിതരണ മേഖലയിലെ ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർമാർ , ഓഫീസർ സംഘടനകളുടെ ഓരോ പ്രതിനിധികൾ , ട്രേഡ് യൂണിയന്റെ ഓരോ പ്രതിനിധികൾ , ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പ്രതിനിധി, പുറത്തുനിന്നുള്ള സുരക്ഷ മേഖലയിലെ വിദഗ്ധൻ എന്നിവർ അംഗങ്ങളായും, സേഫ്റ്റി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും രൂപികരിച്ച സംസ്ഥാന തല സുരക്ഷാ കമ്മിറ്റിയുടെ ആദ്യ യോഗം വൈദ്യുതി ഭവൻ കോൺഫറൻസ് ഹാളിൽ വച്ച് 08.03.2019 ന് രാവിലെ 10.30 മണിക്ക് ചെയർമാനായ ചീഫ് സേഫ്റ്റി കമ്മിഷണറുടെ അധ്യക്ഷതയിൽ ശ്രീ.എൻ.എസ്.പിള്ള, ബഹു:ചെയർമാൻ &മാനേജിംഗ് ഡയറക്ടർ ,KSEBL ഉത്ഘാടനം ചെയ്തു. തുടർന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ ചെയർമാൻ, അഡിഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ , ഉത്പാദന പ്രസരണ, വിതരണ, സിവിൽ വിഭാഗം ഡയറക്ടർമാരുടെ ടി.എ.മാർ , ഉത്പാദന, പ്രസരണ വിതരണ മേഖലയിലെ ഓഫീസേഴ്സ്, യൂണിയൻ പ്രതിനിധികൾ എന്നിവരെ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. പുറത്തുനിന്നുള്ള സുരക്ഷ മേഖലയിലെ വിദഗ്ധൻ വ്യക്തിപരമായ കാരണങ്ങളാൽ യോഗത്തിൽ പങ്കെടുത്തിരുന്നില്ല.

യോഗ ആരംഭത്തിൽ , ചീഫ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിലുള്ള സുരക്ഷാവിഭാഗം ഉത്പാദന ,പ്രസരണ വിതരണ മേഖലയിൽ ഊർജ്ജിതമായി നടത്തിവരുന്ന ബോധവത്കരണ പ്രവർത്തങ്ങൾ , പരിശീലനങ്ങൾ തുടങ്ങിയവയെ ബഹു:ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പ്രശംസിച്ചു. KSEBL ൽ ഒരു പുതിയ സേഫ്ടി കൾച്ചർ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞുവെന്നത് വലിയ നേട്ടമായിട്ട് ബഹു:ചെയർമാൻ & മാനേജിംഗ് ഡയറക്ടർ വിലയിരുത്തി. ഇതുവഴി അപകടങ്ങൾ വളരെയധികം കുറഞ്ഞതായും ഉള്ള സന്തോഷം രേഖപ്പെടുത്തുകയും ചെയ്തു. KSEBL വാഹനങ്ങളിൽ സ്പോൺസേഴ്സിന്റെ സഹായത്തോടെ പരസ്യങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ ഒരു പരിധിവരെ ബോർഡിന്റെ അധിക ബാധ്യത ഒഴിവാക്കാൻ കഴിയുമെന്നും ഓരോ സെക്ഷനുകളിലും നല്ല ഒരു infrastructure ഉണ്ടാകേണ്ടതാവശ്യമാണന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പരസ്പര സഹായസഹകരണത്തോടെ ഒരുമിച്ച് മുന്നേറാൻ കഴിയണം എന്ന് ഓർമിപ്പിച്ചുകൊണ്ട് സ്റ്റേറ്റ് ലെവൽ സേഫ്റ്റി കമ്മിറ്റി ഉത്ഘാടനം ചെയ്തതായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

"ഭരണഭാഷ മാതൃഭാഷ"

2019 ജനുവരി,ഫെബ്രുവരി മാസക്കാലം ഉണ്ടായ അപകടങ്ങളുടെ വിശകലനങ്ങളും , 2018 ൽ സുരക്ഷാ വിഭാഗം നടത്തിയ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുള്ള പവർപോയിന്റ് പ്രസന്റേഷൻ എന്നിവ യോഗത്തിൽ അവതരിപ്പിച്ചു.

പുതിയ സുരക്ഷാ സംസ്കാരത്തിലേക്ക് മാറേണ്ടതിന്റെ ആവശ്യകത ചീഫ് സേഫ്റ്റി കമ്മീഷണർ വിശദീകരിച്ചു. ഇനി നിയമം പാലിച്ചു മാത്രം ജോലി ചെയ്യുക.യും ചെയ്യിക്കുകയും വേണമെന്ന് അധ്യക്ഷൻ നിഷ്കർഷിച്ചു. 2019 സമ്പൂർണ സുരക്ഷാവർഷമായി ആചരിക്കുവാൻ തീരുമാനിക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണെന്നും അറിയിച്ചു. ഉപഭോക്തൃ പ്രതിഷ്ടാപനങ്ങളിൽ നിന്നുള്ള അപകടങ്ങൾ കുറയ്ക്കുവാൻ വേണ്ട ബോധവൽകരണ പരിപാടികൾ ഓരോ സെക്ഷനിലും നടത്തണമെന്നും നിർദേശിച്ചു. .

കെ.എസ്.ഇ.ബി പ്രതിഷ്ടാപനങ്ങളിൽ നിന്നും അപകടമുണ്ടാകുന്നത് കുറഞ്ഞു വരുന്നതായും ഉപഭോക്തൃ പ്രതിഷ്ടാപനങ്ങളിലെ അപകടങ്ങൾ ഇനിയും കുറഞ്ഞിട്ടില്ല എന്നും കെ.എസ്.ഇ.ബി യും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും കൈകോർത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങൾ ആണെന്നും അഡിഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അഭിപ്രായപ്പെട്ടു.

വൈദ്യുതി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ളതായി ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു. വൈദ്യുതി മേഖലയിൽ ജോലി ചെയ്യുന്ന ലൈൻ സ്റ്റാഫിനു അപകടമുണ്ടായാൽ പെട്ടന്നു വരുന്ന ആശുപത്രി ചിലവിനായി ഇപ്പോൾ ജീവനക്കാർ പിരിവ് എടുത്താണു പണം കണ്ടെത്തുന്നത്. മെഡിക്കൽ അഡ്വാൻസ് ലഭിക്കാൻ പലപ്പോഴും കാലതാമസ്സവും നേരിടാറുണ്ട് എന്നത് വസ്തുതയുമാണു. ലൈൻസ്റ്റാഫിൽ ഭൂരിപക്ഷവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണു. ഇവർക്കോ ഇവരുടെ കുടുംബത്തിനോ ആശുപത്രി ചികിൽസ ആവശ്യം വരുന്ന സമയങ്ങളിൽ പലരും പണം കടം വാങ്ങിയാണു അത്യാവശ്യ ആശുപത്രി ചിലവുകൾ നിറവേറ്റുന്നത്. നിലവിലുള്ള മെഡിക്കൽ റീ ഇംബേർസ്മെന്റ് ലഭിക്കാൻ കാലതാമസ്സം നേരിടുന്നുമുണ്ട്.അർദ്ധ സർക്കാർ / സ്വകാര്യ ഇൻഷുറൻസ് സ്ഥാപനങ്ങളുടെ നിരവധി ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. പതിനയ്യായിരത്തിനു മുകളിൽ ലൈൻസ്റ്റാഫും മറ്റ് താൽപ്പര്യമുള്ള ജീവനക്കാരേയും ഓഫീസർമാരേയും കൂടി ചേർത്താൽ മികച്ച പാക്കേജുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി വഴി മേൽ വിഷയം പരിഹരിക്കപ്പെടും എന്ന് പൊതുവായ ആഭിപ്രായം ഉണ്ടായി..

വൈദ്യുതി ലൈനിലെ ജോലി ദുർഘടം പിടിച്ചതും അപകടകരമായതുമാണു. വൈദ്യുതി മേഖലയിൽ പ്രവർത്തിയെടുക്കുന്ന ലൈന്മാന്മാരുടെ സമാനകതളില്ലാത്ത ഈ പ്രവർത്തനം കണക്കിലെടുത്ത് ഏപ്രിൽ 18 ദേശിയതലത്തിൽ National Lineman Appreciation Day ആയി ആചരിക്കുന്നു. ദേശീയ തലത്തിൽ ആചരിക്കുന്ന National Lineman Appreciation Day(ഏപ്രിൽ 18 ) കെ എസ് ഇ ബി യിലും ആചരിക്കുക വഴി ലൈൻ സ്റ്റാഫിന്റെ സുരക്ഷിതത്താബോധവും, സ്ഥാപനത്തോടും, പൊതു സമൂഹത്തോടുമുള്ള ഉള്ള ആത്മാർദ്ധതയും കടപ്പാടും വർദ്ധിക്കുകയും ചെയ്യുമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. ആയതിനാൽ ഏപ്രിൽ 18 അവധി ദിവസം എന്നതിനാൽ ഏപ്രിൽ 17 –നു National Lineman Appreciation Day ആഘോഷങ്ങൾ KSEBL-ൽ നടത്തുവാൻ യോഗം ശുപാർശ ചെയ്തു. ഏപ്രിൽ 17 –നു കൂടുന്ന വിതരണ മേഖലയിലെ സബ് ഡിവിഷൻ തലസേഫ്റ്റി കമ്മറ്റിയിലും ഉത്പ്പാദന പ്രസ്സരണ മേഖലകളിലെ സർക്കിൾ തല സേഫ്റ്റി കമ്മറ്റിയിലും അതാത് മേഖലകളിൽ എല്ലാ സുരക്ഷയും പാലിച്ച് അപകട രഹിതമായി ജോലി ചെയ്ത ലൈന്മാന്മാരെ വിളിച്ച് ആദരിക്കുവാനും യോഗം തിരുമാനിച്ചു.

"ഭരണഭാഷ മാതൃഭാഷ"

സേഫ്റ്റി ഓഫീസേഴ്സ് നടത്തുന്ന സർപ്രൈസ് ഇൻസ്പെക്ഷനുകളുടെ രഹസ്യസ്വഭാവം നിലനിർത്തുവാൻ കഴിയണം എന്ന യോഗത്തിൽ അഭിപ്രായമുണ്ടായി. ഫീൽഡ് ജോലികളുടെ വിശദാംശങ്ങൾ മുൻകൂട്ടി സേഫ്റ്റി ഓഫീസർമാരെ അറിയിച്ചാൽ സർപ്രൈസ് ഇൻസ്പെക്ഷനുകൾ കുറേക്കൂടി കാര്യക്ഷമമാക്കാൻ സാധിക്കും. സേഫ്റ്റി ഓഫീസേഴ്സിന് മിന്നൽ പരിശോധന നടത്തുവാനുള്ള വാഹനം പലപ്പോഴും ലഭ്യമല്ല എന്ന വിഷയം ഉന്നയിക്കപ്പെട്ടു.. സെക്ഷനിൽ നിന്നും വാഹനം ലഭ്യമാക്കുമ്പോൾ പരിശോധനയുടെ രഹസ്യ സ്വഭാവം നഷ്ടപ്പെടുകയും പലപ്പോഴും വാഹനം ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നുണ്ട്.

ബോർഡ് ഉത്തരവ് അനുസരിച്ച് സേഫ്റ്റി ഓഫീസേഴ്സ്, ചീഫ് സേഫ്റ്റി ഓഫീസേഴ്സ്, തുടങ്ങിയവർ നടത്തുന്ന മിന്നൽ പരിശോധനകൾക്കു പുറമേ ഡിവിഷൻ തല സേഫ്റ്റി കമ്മിറ്റികളും കൂടി വർക്ക് സൈറ്റ് മിന്നൽ പരിശോധന കർശനമാക്കണമെന്നും അതിൽ യൂണിയൻ പ്രതിനിധികളെക്കൂടി പങ്കെടിപ്പിക്കണമെന്നും യോഗം പ്രതിനിധികൾ അഭിപ്രായപ്പെട്ടു. പല സ്ഥലത്തും ഇപ്പോൾതന്നെ സംഘടന പ്രതിനിധികൾ ഉൾപ്പെടെയുള്ള ആൾക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് ഡിവിഷൻതല സേഫ്റ്റി കമ്മിറ്റികൾ വർക്ക് സൈറ്റ് മിന്നൽ നടത്തുന്നുണ്ടെന്നും അത് എല്ലായിടത്തും വ്യാപിപ്പിക്കുന്നത് നന്നായിരിക്കുമെന്നും അധ്യക്ഷൻ അഭിപ്രായപ്പെട്ടു.

ഒരു അപകടമുണ്ടായാൽ അതിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതുണ്ടെന്നും അത് മൂടി വയ്കുവാൻ പാടില്ലയെന്നും അപകടത്തിന് കാരണമായ സുരക്ഷാ വീഴ്ച്ചയും, അപകടമുണ്ടായ ശേഷം അത് മൂടിവെയ്ക്കാനുള്ള ശ്രമവും ഒരുപോലെ അപലപനീയമാണെന്നും , സുരക്ഷ പാലിച്ചു ജോലി ചെയ്യാനുള്ള സമ്മർദ്ദം ശക്തമാക്കണമെന്നും അഭിപ്രായം ഉണ്ടായി. Regular preventive maintenance നടത്തുക, line patrolling നടത്തുക, AAC കണ്ടക്ടർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങൾ കാര്യക്ഷമമായി നടത്തിയാൽ കമ്പി പൊട്ടിയുള്ള അപകടങ്ങൾ കുറയ്ക്കുവാൻ കഴിയും. ഓഫീസിൽ അറിയിക്കാതെ കരാർ ജീവനക്കാർ ഫീൽഡ് ജോലികൾ ചെയ്യുന്ന പ്രവണത ഇപ്പോഴും കാണുന്നതായും അഭിപ്രായപ്പെട്ടു. സേഫ്റ്റി ഉപകരണങ്ങൾ റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ വാങ്ങുന്നത് ആലോചിക്കണമെന്ന് അഭിപ്രായപ്പെട്ടു. തുടർന്ന്, സേഫ്റ്റി ഉപകരണങ്ങൾ വാങ്ങുന്നതിനായി 7 അംഗങ്ങൾ അടങ്ങിയ ഒരു റേറ്റ് കോൺട്രാക്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ആ കമ്മിറ്റിയുടെ ആദ്യ യോഗം 11.03.2019 ന് നിശ്ചയിച്ചിട്ടുണ്ടെന്നും അധ്യക്ഷൻ അറിയിച്ചു.

ലൈനുകളുടെ നവീകരണം ആവശ്യമാണെന്നും പുതിയതായി ചെയ്യുന്ന ലൈനുകളിൽ ടിപ്പ് ആകാനുള്ള സംവിധാനം ഉണ്ടാകണമെന്നും പഴയവ പടിപടിയായി മാറ്റേണ്ടതുണ്ടെന്നും യോഗം അഭിപ്രായപ്പെട്ടു. അപകടങ്ങളുടെ കൃത്യമായ വിശകലനം നടത്തുക, സേഫ്ടി മീറ്റിങ്ങുകൾ കൃത്യമായി കൂടുക, സേഫ്റ്റി ഇൻസ്പെക്ഷനുകൾ കാര്യക്ഷമമാക്കുക. Visual media, news paper, radio,കുടുംബശ്രീ എന്നിവ വഴിയുള്ള ബോധവൽകരണ കാംപയിൻ എന്നിവ അപകടങ്ങളുടെ എണ്ണം ഒരു പരിധി വരെ കുറക്കാൻ കഴിയും എന്നും അഭിപ്രായമുണ്ടായി.

സേഫ്റ്റി കിറ്റിന്റെ ഭാരം കൂടുതലാണെന്ന് പരാതി ചില സ്ഥലത്തുനിന്നും ഉന്നയിക്കുന്നുണ്ടെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു. സേഫ്റ്റി കിറ്റ് ലൈൻമാന്റെ ജീവന്റെ ഭാഗം ആണെന്നും അത് ഇപ്പോൾ തന്നെ ജീവനക്കാർ ഉൾക്കൊണ്ടിട്ടുണ്ടെന്നും അത് കൊണ്ടുപോയി സുരക്ഷിതമായി ജോലി ചെയ്യുന്നുണ്ടെന്നും യൂണിയൻ പ്രതിനിധി അറിയിച്ചു. എന്നാൽ ചില സ്ഥലങ്ങളിൽ ബ്രേക്ക് ഡൌൺ വിങ്ങിന് സേഫ്റ്റി കിറ്റിന് ഭാരക്കൂടുതലുണ്ടെന്ന പരാതിയുണ്ടെന്നും മറ്റൊരു യൂണിയൻ പ്രതിനിധി ഉന്നയിച്ചു.

23/6/2018-ന് കൂടിയ സംഘടന പ്രതിനിധികളുടെ മീറ്റിങ്ങിൽ ബോർഡ് നിർദേശിച്ചതിൽ അധികമായി ഒരു സെറ്റ് ഷോർട്ടിംഗ് ക്ലിപ്പ്, ഹാമ്മർ , സ്പൈക് , സ്പാനർ സെറ്റ് തുടങ്ങിയവ യൂണിയൻ പ്രതിനിധികളുടെ ആവശ്യാർത്ഥമാണ് സേഫ്റ്റി കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അതുമൂലമാണ് സേഫ്റ്റി കിറ്റിന്റെ ഭാരം കൂടിയതെന്നും ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു. ഈ വിഷയം 12/11/2018- ന് കൂടിയ സേഫ്റ്റി

"ഭരണഭാഷ മാതൃഭാഷ"

അവലോകനയോഗം ചർച്ച ചെയ്യുകയും നിലവിൽ ബ്രേക്ക്ഡൌൺ വിങ്ങിലുള്ളവർ ബൈക്കിൽ പോകുമ്പോൾ സേഫ്റ്റി കിറ്റിന്റെ ഭാരം കൂടുതലാണെന്ന പരാതിയിന്മേൽ അവ പരിഹരിക്കാനായി ബൈക്കിൽ ഘടിപ്പിക്കാവുന്ന Professional Tool Box,side Box തുടങ്ങി മറ്റ് പല മാർഗ്ഗങ്ങളും ചർച്ച ചെയ്യുകയും ബ്രേക്ക്ഡൌൺ വിങ്ങിലുള്ള ആൾക്കാർക്ക് ആവശ്യമായ Tool Box,side Box മറ്റ് ഉചിതമായ മാർഗ്ഗങ്ങൾ ബോർഡിന്റെ ചിലവിൽ വാങ്ങി നൽകണമെന്നും തീരുമാനിച്ചിരുന്നു..

ആ നിലയിൽ ഇപ്പോൾ തന്നെ പല സ്ഥലങ്ങളിലും നടപ്പാക്കിയിട്ടുണ്ട്. ഇനിയും ഇത്തരത്തിൽ എവിടെയെങ്കിലും ആവശ്യമാണെങ്കിൽ ചെയ്യുവാനായി വേണ്ട നിർദ്ദേശം നൽകാമെന്നും അധ്യക്ഷൻ അറിയിച്ചു.

ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും വൈദ്യുത അപകടങ്ങൾ പൂർണമായും ഒഴിവാക്കുന്നത് ലക്ഷ്യമിട്ട് KSEBL, Electrical Inspectorate തുടങ്ങിയ സ്ഥാപനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് "സമ്പൂർണ്ണ സുരക്ഷഗ്രാമം" എന്ന പദ്ധതി ആറന്മുള ബ്ലോക്ക് / ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കുന്നതിന്റെ ഉത്ഘാടനം 07.03.2019 ന് നടന്നതായി ചർച്ച ചെയ്യപ്പെട്ടു. ഇതേ മാതൃകയിൽ ഓരോ ഡിവിഷനിലും പഞ്ചായത്ത് തലത്തിൽ ഈ സംരംഭം നടപ്പിലാക്കുന്നത് നല്ലതാണെന്ന് യോഗത്തിൽ തീരുമാനമായി.

തുടർന്ന് ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ യോഗത്തിൽ കൈക്കൊണ്ടു.

- വൈദ്യുതി മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിലുള്ള ആനുകൂല്യം നഷ്ടപ്പെടാത്ത രീതിയിൽ പുതിയ മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനു ചീഫ് പേർസണൽ ഓഫീസറുടെ മുൻപാകെ വിഷയം കൊണ്ടുവരാൻ യോഗം തീരുമാനിച്ചു..
- ഗാർഡിംഗ് ഇല്ലാത്തതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ , കമ്പി പൊട്ടി വീണുണ്ടാകുന്ന അപകടങ്ങളിൽ തുടങ്ങിയവയിൽ തന്റേതല്ലാത്ത വീഴ്ചകൾ ഇല്ലാതേയും ജീവനക്കാർക്കെതിരെ കൊലക്കുറ്റം വരെ കാണിച്ചുകൊണ്ട് പോലീസ് കേസ് എടുക്കുന്ന കാര്യം ചൂണ്ടിക്കാട്ടി കമ്മിറ്റി അംഗങ്ങൾ ആശങ്ക അറിയിച്ചു .ഇക്കാര്യം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും തീരുമാനമായി.
- തമിഴ്നാട്ടിലും മറ്റും വിതരണ മേഖലയിൽ കമ്പി പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടി എഗ്ഗ് ഇൻസുലേറ്റർ ഉപയോഗപ്പെടുത്തിയുള്ള ബക്കറ്റ് ഫോർമേഷൻ സംവിധാനം KSEBL-ൽ നടപ്പിലാക്കുന്ന വിഷയത്തിൽ കൂടുതൽ ചർച്ച ആവശ്യമാണെന്ന് അധ്യക്ഷൻ അഭിപ്രായപ്പെട്ടു.
- B-Alert, സ്റ്റാർട്ട് അപ്പ് മിഷൻ വഴിയുള്ള Safety Helmet എന്നിവ വ്യാപിപ്പിക്കുന്ന വിഷയത്തിൽ ബോർഡ് തലത്തിൽ ആലോചിച്ചു തീരുമാനമെടുക്കാം എന്ന അഭിപ്രായമുണ്ടായി.
- പുതിയതായി ഇലക്ട്രിക് കണക്ഷനുകൾ കൊടുക്കുമ്പോൾ പലപ്പോഴും "earth resistance" കൃത്യമായി പരിശോധിക്കുന്നില്ല. കണക്ഷനുകൾ കൊടുക്കുന്നതിനു മുൻപ് earth resistance അളക്കാനുള്ള നടപടികൾ ഉണ്ടായാൽ consumer installation ൽ നിന്നുള്ള അപകടങ്ങൾ ഒരു പരിധി വരെ കുറയ്ക്കാൻ കഴിയും എന്ന അഭിപ്രായമുണ്ടായി. ആയതിനാൽ എസ്റ്റിമേറ്റ് എടുക്കാൻ പോകുന്ന ഉദ്യോഗസ്ഥർ എർത്ത് റെസിസ്റ്റൻസ് അളക്കാനുള്ള ഉപകരണം ഓഫീസിൽ ലഭ്യമല്ല എങ്കിൽ ബന്ധപ്പെട്ട വയർമാൻ പരിശോധനാ സമയം എർത്ത് റെസിസ്റ്റൻസ് അളന്ന് ബോധ്യപ്പെടുത്താനായി ഉള്ള ഉപകരണം ടി സമയം ലഭ്യമാക്കേണ്ടതാണ്. അതു പരിശോധിക്കുകയും വയർമാനും , കൺസ്യൂമറും എസ്റ്റിമേറ്റ് എടുക്കുന്ന ഉദ്യോഗസ്ഥനും ഈ കാര്യം ബോധ്യപ്പെട്ടുവെന്ന് രേഖപ്പെടുത്തേണ്ടതാണ്..

- മൂഴിയാർ ഒഴികെയുള്ള എല്ലാ ജനറേറ്റിംഗ് സ്റ്റേഷനുകളിലും ജീവനക്കാരുമായി മീറ്റിംഗുകൾ നടത്തി തയാറാക്കിയ Water Conducting system Protocol ബോർഡിന്റെ അനുമതിക്കായി സമർപ്പിക്കുവാൻ തീരുമാനമാനിച്ചു.

- ട്രാൻസ്മിഷൻ വിഭാഗത്തിലെ അപകടങ്ങൾ രേഖപ്പെടുത്തുവാനായുള്ള ഓൺലൈൻ ആപ്ലിക്കേഷൻ SMART ഈ മാസത്തോടുകൂടി പ്രവർത്തനസജ്ജമാകും .

- ആറന്മുളയിൽ നടപ്പാക്കിയ സമ്പൂർണ്ണ സുരക്ഷ ഗ്രാമം പദ്ധതി ഒരു ഡിവിഷനിലെ ഒരു പഞ്ചായത്ത് എന്ന നിലയിൽ നടത്തുവാൻ നടപടികൾ ആലോചിക്കണം.

- പൊതുജനങ്ങൾക്കുണ്ടാകുന്ന വൈദ്യുത അപകടങ്ങൾ കുറയ്ക്കാനായി FM റേഡിയോ ,കുടുംബശ്രീ മിഷൻ എന്നിവ വഴി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സഹകരണത്തോടെ പൊതുജനബോധവൽക്കരണ പരിപാടി നടത്തുവാൻ തീരുമാനിച്ചു.

- നിലവിൽ ബ്രേക്ക്ഡൌൺ വിങ്ങിലുള്ളവർ ബൈക്കിൽ പോകുമ്പോൾ സേഫ്റ്റി കിറ്റിന്റെ ഭാരം കൂടുതലാണെന്ന പരാതിയിന്മേൽ അവ പരിഹരിക്കാനായി ബൈക്കിൽ ഘടിപ്പിക്കാവുന്ന Professional Tool Box,side Box തുടങ്ങി മറ്റ് ഉചിതമായ മാർഗ്ഗങ്ങൾ ബോർഡിന്റെ ചിലവിൽ വാങ്ങി നൽകണമെന്നും തീരുമാനിച്ചിരുന്നു.

യോഗ നടപടികൾ ഉച്ചയ്ക്ക് 2.45 ന് അവസാനിച്ചു.

**ചീഫ് സേഫ്റ്റി കമ്മീഷണർ**